ജോലിക്കിടെ അപകടത്തിൽ മരിച്ച വൈദ്യുതി കരാർതൊഴിലാളികൾ

4 (2242) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുവർഷത്തിനകം സംസ്ഥാനത്ത് എത്ര വൈദ്യുതി കരാർ തൊഴിലാളികൾ ജോലിക്കിടെ അപകടത്തിൽ മരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കുമോ ;

(ബി) ഇവരുടെ കുടുംബാംഗങ്ങൾക്കു നഷ്ടപരിഹാരം നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനകം (1-1-2012 മുതൽ 30-11-2014 വരെയുള്ള കാലയളവിൽ) 39 കരാർ തൊഴിലാളികൾ മരണപ്പെട്ടതായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുവരുന്ന മരണപ്പെട്ട കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് മരണപ്പെട്ട 30 പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി 2,31,06,783/- രൂപ (രണ്ട് കോടി മുപ്പത്തി ഒന്ന് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കരാർ തൊഴിലാളികൾക്ക് അപകടമോ, അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. ടി തുകയുള്ള ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ, വിവിധ കോടതികളുടെ പരിഗണനയിലുള്ള കേസുകളിൽ വിധിന്യായം പുറപ്പെടുവിക്കുന്നതിന് വിധേയമായി അർഹമായ നഷ്ടപരിഹാരം അനുവദിക്കാറുണ്ട്.

കെ.എസ്.ഇ.ബി.-യുടെ കേന്ദ്രീകൃത കോൾ സെന്ററും ഡാറ്റാ സെന്ററും

5 (2243) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ കേന്ദ്രീകൃത കോൾ സെന്ററും ഡാറ്റാ സെന്ററും പ്രവർത്തന സജ്ജമായിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly